## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2212.** **05.05.2017 ൽ മറുപടിയ്ക്ക്**

## ഇതര സംസ്ഥാന തൊഴിലാളികളിലെ ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ മദ്യവും മയക്ക മരുന്നുകളും മറ്റു ലഹരി വസ്തുക്കളും ധാരാളമായി ഉപയോഗിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ പ്രതിവാരം ഒരു തവണ യെങ്കിലും ആകസ്മിക പരിശോധനകൾ 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ എക്സൈസ് വകുപ്പ് നടത്തി വരുന്നുണ്ട്. |
| (ബി) | പരിശോധനയിൽ കുറ്റക്കാരെന്ന് തെളിയുന്നവരെ കോടതികളിൽ ഹാജരാക്കി ശിക്ഷ വാങ്ങി കൊടുക്കുവാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം; | (ബി) | എക്സൈസ് വകുപ്പ് നടത്തുന്ന പരിശോധനകളിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്ക് എതിരായി നിലവിലുള്ള നിയമ വ്യവസ്ഥകളുടെ പരിധിയിൽ പരമാവധി ശിക്ഷ ലഭിക്കത്തക്ക രീതിയിൽ പഴുതുകളില്ലാത്ത കുറ്റപത്രം ബഹു: കോടതി മുമ്പാകെ സമർപ്പിക്കുകയും ആവശ്യ മായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. |
| (സി) | കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ നിലവിലെ നിയമ വ്യവസ്ഥകൾ പര്യാപ്തമാണോ; | (സി) | നിരോധിത പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കു ന്നവർക്കെതിരെ കോട്പ നിയമ പ്രകാരം 200 രൂപ പിഴയാണ് നിഷ്കർഷിച്ചിട്ടുള്ളത്. NDPS നിയമ പ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വെച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ 6 മാസം വരെ കഠിന തടവോ, |

| | | | |
|---|---|---|---|
| | | | പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള മേൽ പ്രകാരം ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യ ങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമങ്ങളായ എൻ.ഡി.പി.എസ് ആക്ട് 1985, കോട്പ ആക്ട് 2003 എന്നിവയിൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ